"മദ്യപാനിയെന്ന ചെല്ലപ്പേരിലറിയാനാരുമാഗ്രഹിക്കില്ല. എന്നിട്ടും ചിലരതായിതീരുന്നതിന്റെ കാരണമെന്തെന്ന് ജനം തിരിച്ചറിയുന്ന കാലം വരുമ്പോഴേക്കും പെട്രോളിനു വേണ്ടി യുദ്ധം ചെയ്യുന്ന കാലം കഴിയുകയും ജലത്തിനായി യുദ്ധമാരംഭിക്കുകയും ചെയ്യും."

**വർഷങ്ങളോളം മദ്യത്തിൽ മുങ്ങി, അശാന്തമായ ഹൃദയവുമായി അലഞ്ഞുതിരിഞ്ഞ്, ഒടുവിൽ നഷ്ടക്കയങ്ങളിൽ നിന്നും ഏറെ പ്രയാസപ്പെട്ട് കരകയറിയ മദ്യപാനിയുടെ ആത്മകഥനങ്ങൾ**

**ജോൺസൺ**

# മദ്യപാനി പാപിയാകുന്നത് അങ്ങനെയത്രെ!

**തൃശ്ശൂരാണെന്റെ** തട്ടകം! മദ്യമായിരുന്നെന്റെ ദൈവം! അന്നേതുപാതിരായ്ക്കു വിളിച്ചാലും തുറക്കുന്ന ഷാപ്പുകളെവിടെയൊക്കെയുണ്ടെന്നും ഏതൊക്കെ ബാറിന്റെ നൈറ്റ് വാച്ചർമാരുടെ പക്കൽ നിന്നും 'ഡ്യൂപ്ലിക്കേറ്റും സെക്കണ്ട്സും' കിട്ടുമെന്നുമെനിക്കറിയാം. ഒരു വർഷം മുഴുവൻ രാത്രിയിൽ ഞാൻ ജീവിച്ചത് തൃശ്ശൂരിലെ തെരുവോരങ്ങളിലും ദിവാൻജിമൂലയിലും പൂരപ്പറമ്പിലും ഓട്ടോറിക്ഷകളിലും ട്രാൻസ്പോർട്ട് സ്റ്റാന്റിലും റെയിൽവേ സ്റ്റേഷനിലും ശക്തൻ തമ്പുരാൻ മാർക്കറ്റിലെ പച്ചക്കറിക്കടകൾക്കു മുന്നിലുമായിരുന്നു. നടന്നും കിടന്നും മുടന്തിയുമുറങ്ങാത്ത രാവുകൾ! അന്നുമെന്നോടൊപ്പം മദ്യമുണ്ടായിരുന്നു.

എന്തിനെന്നറിയാതെ, പ്രതിഫലമിച്ഛരിക്കാതെ, പച്ചക്കറിത്തരകിലെന്നെ കാത്തിരിക്കാറുള്ള, കണ്ടോരൻവേലായുധന്റെ മകൻ, അശോകന്റെ കയ്യിലെപ്പോഴും കാശുണ്ടായിരുന്നു. അവൻ മാർക്കറ്റിൽ വന്നിറങ്ങിയ വാഴക്കുലകൾ ചുമന്നു. തണ്ടുവെട്ടിക്കളഞ്ഞു. ജോസ് തിയ്യറ്ററിന് മുകളിൽ പരസ്യക്കമ്പനി നടത്തിയിരുന്ന ദിനേശനുമവിടെയുറങ്ങുന്നുണ്ടായിരുന്നു. 'ആന്റ്സ് അഡ്വർടൈസിങ്ങ്'. പൂങ്കുന്നത്തെന്റെകൂടെ പഠിച്ച സദാനന്ദന് ടയറുമോൾഡ് ചെയ്യുന്ന കടയുണ്ടായിരുന്നു. അവന് രാത്രിയിലും ജോലിയുണ്ടായിരുന്നു. മഞ്ഞ പുസ്തകം വിൽക്കാൻ മാത്രം രാത്രി കടതുറന്നിരിക്കുന്ന എന്റെ കക്ഷി, ഒരു പടുകിഴവൻ! ട്രാൻസ്പോർട്ടു സ്റ്റാന്റിനുസമീപത്തെ അയാളുടെ പെട്ടിക്കടയിലും, ഓട്ടോറിക്ഷക്കാരുടെ പുറംകീറിയ കാക്കിഷർട്ടിന്റെ പോക്കറ്റിലും കാശുണ്ടായിരുന്നു. എനിക്കു കടം തരാനവർ ദയകാട്ടി! തൃശ്ശൂരിൽ മദ്യം കിട്ടുന്നയിടങ്ങളെല്ലാമെനിക്കറിയാമായിരുന്നു. ദിവാൻജി മൂലയിൽ കറങ്ങിതിരിഞ്ഞ് ഉറങ്ങാതെ കഴിച്ച രാവുകളേറെയാണ്. എന്നു

ഡി.സി ബുക്സ്
ഉടൻ പുറത്തിറക്കുന്ന
ജോൺസന്റെ
'കുടിയന്റെ കുമ്പസാരം'
എന്ന പുസ്തകത്തിൽ നിന്നും

മെവിടെയും എന്റെ സന്തതസാഹചാരിയായിത്തീർന്ന മദ്യം ഞാനുപേക്ഷിക്കുന്നതെങ്ങനെ? അക്കാലത്ത് ഞാൻ എറണാകുളം ലോ കോളേജിൽ, ഈവനിംഗ് ക്ലാസ്സിൽ, എൽ. എൽ. ബി. മൂന്നാം വർഷം പഠിക്കുകയായിരുന്നു...

മദ്യപാനിയെ സകലരും ആട്ടിയോടിക്കും. തല ചായ്ക്കാനിടമില്ലാതെ, അശാന്തമായ ഹൃദയവുമായി പാതിരാത്രിയും നട്ടുച്ചയും തമ്മിലന്തരമില്ലാതെ അലഞ്ഞുതിരിയാനവൻ വിധിക്കപ്പെടും. അവന്റെ വിലാപങ്ങളാരും കേൾക്കാറില്ല. അവന്റെ വിലാപ്പുറത്തെ മുറിവിൽ വിരലിട്ടവനെ തിരിച്ചറിയാനാരും ഒരുങ്ങുകയില്ല !! അവൻ പാപിയാകുന്നു. ദൈവാനുഗ്രഹം അവനുമേൽ പതിക്കില്ല! നിർഭാഗ്യവാൻ... സ്വർഗ്ഗരാജ്യത്തിനവകാശിയാകാത്തവൻ. നിരാശയവന്റെ കൂടെപ്പിറപ്പ്. അവൻ നാശങ്ങളെക്കുറിച്ച് മാത്രം സംസാരിക്കുന്നു... ചോരപൊടിയുന്ന കറുത്തഫലിതങ്ങൾ മാത്രമാണവന്റെ നാവുരുവിടുക! നരകത്തിനു മാത്രം യോഗ്യൻ! മദ്യത്തെക്കുറിച്ചു മാത്രമവൻ സ്വപ്നം കാണും. സ്വപ്നം കാണാനായി മാത്രം ഉറങ്ങാനവൻ കൊതിക്കും. ... പക്ഷെ, ഉറങ്ങാൻ വീണ്ടും കുടിയ്ക്കണം...

എങ്കിലും, എനിക്കു പ്രത്യാശയുണ്ടായിരുന്നു! കോട്ടയ്ക്കലിനും തൃശ്ശൂരിനുമിടയിൽ എവിടെയെങ്കിലും ചായ കുടിക്കാനായി ബസ്സു നിറുത്തും. വളാഞ്ചേരി, കുറ്റിപ്പുറം, എടപ്പാൾ! മൂന്നിടങ്ങളിലും, വിളിപ്പാടകലെ, പുലർച്ചെ തുറന്നുവെയ്ക്കുന്ന ബാറുണ്ട്. അവയിലേതെങ്കിലുമൊന്നിൽച്ചെന്നു വിറ മാറ്റാൻ പറ്റുമെന്ന പ്രത്യാശയിൽ ഞാൻ ബസ്സിൽ കേറിയിരുന്നു. മൂന്നിടത്തും നിർത്തിയില്ലെങ്കിൽ തൃശ്ശൂരെത്തി നേരെ 'ബിനി'യിൽ കയറിയാൽ, വിറ താനേ മാറും. പിന്നീട് കോടതി... തലയിലെഴുത്ത് തൂത്താൽ മായില്ലല്ലോ?

വക്കീലോഫീസിൽ ചെന്നില്ലെങ്കിലുമൊന്നും സംഭവിക്കില്ല! എന്റെ നഷ്ടങ്ങളെയോർത്ത് ഞാൻ വ്യാകുലപ്പെടാറില്ല. മദ്യപാനിക്കെപ്പോഴും ഭാവിയെ കുറിച്ച് സ്വപ്നങ്ങളുണ്ട്. കണക്കുകൂട്ടലുകളിലവനെപ്പോഴും മുന്നിലായിരിക്കും. കോൺവെക്സ് ലെൻസുള്ള അവന്റെ കണ്ണിലൂടെ കാണുന്ന ലോകത്തവന് വേണ്ടതിലേറെ കരുത്തും കഴിവുകളുമുണ്ട്. 'ഞാനാരാ മോൻ!' പക്ഷേ, ഒടുവിലെന്റെ കണക്കുകൾ പിഴച്ചു. പുഴുത്ത പട്ടിയെപ്പോലെ ആട്ടിയോടിക്കപ്പെട്ടു. പക്ഷേ, മദ്യത്തിന്റെ ധൃതരാഷ്ട്രാലിംഗനത്താൽ, ശ്വാസം മുട്ടി, എല്ലുകൾ നുറുങ്ങി, കരളുരുകി, ഹൃദയം പൊട്ടി ഞാൻ ചാകുന്നതറിയാനോ തടയാനോ കഴിയാതെയായി. എനിക്കാരുമില്ലാതെയായി... എന്റെ കണ്ണുകളുടെ കാഴ്ച കെട്ടു. മദ്യത്തിന്റെ മാന്ത്രികക്കണ്ണാടിയിലൂടെയാത്രം ഞാൻ ലോകം കണ്ടു. എന്നിട്ടതു വിശ്വസിക്കുകയും ചെയ്തു!

പിന്നീടുപിന്നീട്, വന്നുകേറുന്ന രാത്രിയും, പിറ്റേന്നുരാത്രിയും, തൃശൂർക്ക് തിരിക്കുന്ന ദിവസം നേരം പുലരും മുമ്പും, കൈവിറ മാറ്റാനാവശ്യമായ മദ്യം തലയ്ക്കൽ കരുതി വയ്ക്കുന്ന ശീലമാരംഭിച്ചു. അതോടെ രാജിയുടെ ശമ്പളം, രണ്ടു തവണത്തെ, തൃശൂർറ്റു കോട്ടക്കൽ, ടാക്സിക്കൂലിയിനത്തിലപഹരിക്കപ്പെടുന്നത് ഞാനറിയുന്നുണ്ടായിരുന്നു. ബസ്സിൽ കയറി അവിടെയെത്താൻ കഴിയാത്ത അവസ്ഥയിലായിത്തുടങ്ങി... കോട്ടയ്ക്കലിൽ നിന്ന് മടങ്ങിയെത്തിയാലും, കോടതിയിൽ പോകാനാകാതെയായി... പന്ത്രണ്ടുമണിക്കൂറും മദ്യപിച്ച് ഷാപ്പിലിരുന്നു. കഥകൾ പറഞ്ഞു, കഥകൾ കേട്ടു. കുടംകൊട്ടി പാടി. പുലർച്ചയ്ക്ക് പൂമലയിൽനിന്നാദ്യം തൃശ്ശൂർക്ക് പോകുന്ന ബസ്സ്., ബാറിനു മുന്നിൽ നിർത്തിത്തന്ന്, ആരോയെന്റെ വിറയ്ക്കുന്ന കൈപിടിച്ചിറക്കി വിട്ടു... ജനം പരമപുഛത്തോടും പരിഹാസത്തോടും കൂടിയെന്നെ വീക്ഷിക്കാൻ തുടങ്ങി. ഭാര്യേടെ ശമ്പളം കൊണ്ട് ജീവിക്കുന്ന പരാന്നഭോജിയാണ് ഞാനെന്ന് സ്വയം തിരിച്ചറിഞ്ഞിട്ടും, മദ്യപിക്കാതിരിക്കാനെനിക്ക് കഴിഞ്ഞില്ല.....

ഓർമ്മകളലട്ടരുത്, അവയുണരരുത്. തൽക്കാലമെല്ലാം മയങ്ങിക്കിടക്കട്ടെ! ലഹരിയുടെ തണലിലുറങ്ങുന്ന അണലിയാണത്, അലട്ടരുത്. എന്റെ സമയം സമാഗതമാകും! ഞെട്ടേണ്ട, ഏതു പട്ടിക്കുമൊരു സമയമുണ്ട്, വരട്ടെ! ഷാപ്പു മാനേജർ പട്ടക്കുട്ടപ്പഞ്ചേട്ടൻ ചില്ലുഗ്ലാസ്സിൽ ചാരായമൊഴിച്ചു നീട്ടികൊണ്ട് തിരിച്ചുചോദിക്കും.

"ഈ മാസത്തെ ശമ്പളം കിട്ടിയാൽ പറ്റു മുഴുവൻ തീർക്കാം, ഒരു നൂറും കൂടി താ..."

"ആർക്ക്?" അയാളുടെ തോട്ടിച്ചോദ്യം കേട്ട് കലികയറും. പക്ഷേ മറുപടി പറയില്ല.

"നിനക്ക് നാണാവില്ലേടാ അവളുടെ ശമ്പളം കൊണ്ടിങ്ങനെ കുടിച്ചു നടക്കാൻ?" ഷാപ്പുകാരനുപോലുമെന്നെ പുച്ഛം. ഞാൻ കടക്കാരനായിപ്പോയില്ലേ?, തിരിച്ചു പറയാൻ മറുപടി അറിയാതെയല്ല! മറ്റെന്താണ് ചെയ്യുക? അയാൾക്ക് ഞാൻ മകനേപ്പോലെയാണു പോലും! ശനിയാഴ്ച വരേയ്ക്കുമെനിക്ക് പിടിച്ചു നിൽക്കാൻ പറ്റും. കോടതീ പോകാം. പക്ഷേ, ശനിയാഴ്ച വൈകീട്ട് കോട്ടയ്ക്കലേക്കുള്ള ബസ്സും കാത്ത്, രാജിയ്ക്കും മോനും അമ്മകൊടുത്തുവിടുന്ന അച്ചാറും ചമ്മന്തിപ്പൊടിയും നിറച്ച സൂട്ട്കേസും തൂക്കി, ട്രാൻസ്പോർട്ട് സ്റ്റാന്റിലെത്തുന്ന നിമിഷം മുതൽ.... എന്റെ മനസ്സുമാറും. അപകർഷതാബോധം, അപഹാസത്തോടെയെന്നിലാവേശിക്കാൻ തുടങ്ങും. ഒരാഴ്ചത്തെ ഓട്ടപ്പാച്ചലിനൊടുവിൽ ഭാര്യസമേതമണയാൻ വെമ്പി, മനസ്സും ശരീരവും നിറഞ്ഞുതുളുമ്പി, ബസ്സും കാത്തു നിൽക്കുമ്പോൾ, ഏകജാതനെ പോറ്റാനുള്ള പണം പോലുമുണ്ടാക്കാനാകാത്ത വക്കീൽപ്പണിയോടെനിക്ക് പുച്ഛം തോന്നും. എന്നിട്ടും ശനിയാഴ്ച വൈകുന്നേരങ്ങളിൽ ജയിച്ച കക്ഷികളിലാരെങ്കിലും, വക്കീലന്മാർക്കു ചെലവുചെയ്യും. ഓസിൽ കിട്ടുന്ന മദ്യം വേണ്ടെന്നു വയ്ക്കുന്നതെങ്ങനെ?

ഞാനെത്തിക്സ് പഠിച്ചവനാണ്. പഠിച്ചവയെല്ലാം കാലാന്തരത്തിൽ ജീവിതത്തിൽ പ്രയോഗിക്കപ്പെടുമെന്ന ഗുണമാ വിഷയത്തിനുണ്ടെന്ന് പരീക്ഷയിലുത്തരമെഴുതിയവനാണ്! എൺപത്തിയേഴുശതമാനവും റാങ്കുമെനിക്കതിനുകിട്ടിയിട്ടുണ്ട്. ഞാനത് പഠിപ്പിച്ചവനുമാണ്... എന്നിട്ടും ബഹുമാനപ്പെട്ട കോടതി മുമ്പാകെ'അന്യായം' ബോധിപ്പിക്കുവാൻ ഞാൻ നിയുക്തനായി. പക്ഷെ എന്റെയധരം കള്ളം പറയാൻ വിസ്സമ്മതിച്ചു. 'പൂവ്വങ്കോഴി കൊത്തുംപോലെ' കോടതി മുറിയിൽ കയറി നിന്ന് കേസു വാദിക്കാനെനിക്കാവില്ല! വക്കീൽപണിയിൽ, ഞാനൊരു വൻപരാജയമാണെന്ന തിരിച്ചറിവ് എന്നെത്തളർത്തി. വേറെന്തു തൊഴിലു ചെയ്യും?

പണ്ട് തളിക്കുളത്തുക്കാരൻ പ്രദീപ് ഫോൺ ചെയ്താൽ എനിക്ക് കലി കയറുമായിരുന്നു. ബെല്ലടികേട്ട് റിസീവറെടുത്ത് ചെവിയിൽ വച്ച് 'ഹലോ' എന്ന് പലവട്ടം പറഞ്ഞാലും, മറുതലക്കൽ നിന്നും പ്രതികരണമുണ്ടാവില്ല. റിസീവർ ക്രാഡിലിൽ വച്ച് തിരിയുമ്പോഴേക്കും വീണ്ടും ബെല്ലടിക്കും. ഫലം തഥൈവ! ഒടുവിൽ 'ഹലൊ' പറയുന്നതിന് പകരം പുളിച്ചതെറിയങ്ങോട്ട് പറയും. പലവട്ടമാവർത്തിച്ച് മടുത്ത് ഒടുവിലിതാരാ ഈ'വയറുവേദ




ന്'ക്കാരനെന്നറിയാൻ, 'കോളറൈയ്ഡി'യിൽ നമ്പറുനോക്കുമ്പോൾ, പ്രദീപിനെ ആളറിയാതെ തെറിവിളിച്ചതിലെനിക്ക് കുണ്ഠിതം തോന്നും. കാരണം, അവനു വിക്കുണ്ടായിരുന്നു! അതവന്റെയച്ഛന് പണ്ട് പറ്റിയ കൈപ്പിഴയാണെന്നവനെന്നോട് പറഞ്ഞിട്ടുമുണ്ടായിരുന്നു. അവന്റെയച്ഛൻ വെറുമൊരു വൈദ്യരല്ലായിരുന്നു. പാരമ്പര്യമായി ചികിത്സാവിധികൾ സ്വായത്തമാക്കിയ സാത്വികൻ. രോഗനിർണ്ണയത്തിനായി, അശ്വനീദേവതകളുടെ അനുഗ്രഹം ലഭിച്ചവൻ. അല്പസ്വല്പം ജ്യോതിഷവുമറിയാം. ഓരോ മക്കളെയുമുളവാക്കുമ്പോഴുമദ്ദേഹം വ്രതമനുഷ്ഠിച്ചു. നാളും തിഥിയും പക്കവും രാശിയും ഗ്രഹനിലയുമൊക്കെനോക്കി മക്കളെ സൃഷ്ടിച്ചു – അവരെല്ലാവരും മിടുക്കന്മാരും, ഒരേയൊരുവൾ മിടുക്കിയുമായിരുന്നു. ആയുസുമാരോഗ്യവുമുള്ള അവർക്കൊക്കെ മറ്റു പലതിലുമായിരുന്നു താൽപര്യം. പിഴയ്ക്കാത്ത ഗണിതത്തിൽ വൈദ്യരല്പം അഹങ്കരിച്ചിട്ടുണ്ടാവാം. ഒടുവിലൊരുത്തനെക്കൂടി ജനിപ്പിക്കാൻ വൈദ്യര് തീരുമാനിച്ചു. വീണ്ടും വ്രതമനുഷ്ഠിച്ചു, ഒപ്പം ഭാര്യയും!. ഇത്തവണ പാരമ്പര്യം കാക്കാൻ, വൈദ്യരാകാൻ, ഏറ്റവുമിളയൊരു സന്തതി! അതുമതി!! ധാരാളമായി. എല്ലാമീശ്വരന്റെ കൃപ!

വൈദ്യരുടെ കിടപ്പറയിൽ, കത്തിച്ചുവെച്ച നിലവിളക്കിനുമുന്നിൽ വെച്ച പുണ്യഗ്രന്ഥങ്ങളിൽ തൊട്ടു വന്ദിച്ച്, പാൽചുരത്തുന്ന മരത്തിൽ കൊത്തുപണി ചെയ്ത കട്ടിലിലേക്ക് സഹധർമ്മിണിയെ, പുത്രോല്പാദനത്തിനായി വൈദ്യരാനയിച്ചുകൊണ്ടുവന്ന് കിടത്തി. ചരകാദി സകലകുലദൈവങ്ങളേയും വാത്സ്യായനമഹർഷിയേയും മനസ്സാധ്യാനിച്ച് വന്ദിച്ച്, വരദാനമായി കൈവന്ന ഔഷധസിദ്ധികൾ കൈമാറാൻ പ്രാപ്തനായൊരു മകനെ കാംക്ഷിച്ച്, വൈദ്യരും ഭാര്യയും സുരതത്തിലേർപ്പെട്ട നിമിഷത്തിൽ, അനന്തവിഹായസിൽ നിന്നും ദേവതകൾ കനിഞ്ഞനുഗ്രഹിച്ചു നൽകിയ പുഷ്പവൃഷ്ടി, കുളിരായ് ശരീരത്തിലൂടെയറിഞ്ഞ്, ഉന്മാദത്തോടെ സുരതക്രിയയിൽ വൈദ്യരും ഭാര്യയും സ്വയംമറന്നൊന്നായിത്തീരുന്നതിനിടെ...മുറ്റത്ത് വന്നേതോ രോഗി ദയനീയമായി വിളിച്ചു. "വൈദ്യരേ!"

**'ഭാര്യയുടെ വാക്കുകേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവനാണല്ല!' മദ്യപന്റെ വിശ്വാസപ്രമാണങ്ങളിലൊന്നാമത്തേതതാണ്! പാതിരാത്രിയിൽ ഓട്ടോക്കൂലി കൊടുക്കുവാനില്ലാത്ത കുടിയന്റെ ഭാര്യക്ക്, കടക്കാരനായ ഓട്ടോറിക്ഷക്കാരനിൽ നിന്നും സുരക്ഷ നൽകാനെന്റെ വീട്ടിലാകെയിനി അഞ്ചു വയസ്സുകാരൻ മകൻ മാത്രമാണുള്ളത്. എന്നിട്ടും...**

സുരതക്രിയയുടെയന്ത്യത്തിനും ശുക്ലസ്കലനത്തിനുമിടയിൽ വൈദ്യരുടെ കണക്കുകളിൽ പെടാതെ പോയ ഏതോ നിമിഷാർദ്ധത്തിൽ, വൈദ്യരൊന്നു ഞെട്ടി! താണ്ഡവം പൂർത്തിയാകും മുൻപ്, ചലനം നിലച്ചു! അതിലുളവായവന്റെ കണ്ഠനാളത്തിലാഞെട്ടൽ, വിക്കായി മാറി! അതിനാലാണ് പ്രദീപ് ഫോണിൽ സംസാരിക്കാത്തത്... അവനതിലുമപ്പുറത്തും പറയും. ലഹരികൾക്കടിമയായിരുന്നവനും. ആസവങ്ങൾ കട്ടുകുടിച്ച് കൊച്ചുനാളിലാരംഭിച്ച കൊതി, ഇനിയുമടങ്ങിയില്ല...

കോടതിമുറിയിലെന്റെ അധരങ്ങൾ വാക്കുകൾക്കായി ദാഹിച്ചു. ഞാനും വിക്കനായി... ഗൗണും ധരിച്ച് 'യുവറോണറി'ലാരംഭിച്ച് ഒരു വാചകം പോലും പറയാനുള്ള ധൈര്യമെനിക്കില്ലായിരുന്നു. കേസുവിളിക്കുന്നതു കേൾക്കാതെ പോയാലോ? വിളിച്ച നേരത്ത് പ്രതി കൂട്ടിൽ കയറിനിന്നില്ലെങ്കിൽ? ജാമ്യക്കാരുടെ കരമടച്ച രശീതി കഴിഞ്ഞ കൊല്ലത്തെയായാലോ? ജാമ്യം കിട്ടാതെവരുമോ? ഷർട്ടും, മീതെ കോട്ടും അതിനുമീതെ ഗൗണും കഴുത്തിൽ ബാന്റും കെട്ടിത്തൂക്കിയ, വക്കീലിന്റെ യൂണിഫോമിനുള്ളിലിരുന്നെന്റെ ശരീരം വിയർത്തു. അതിനുള്ളിലെ എന്റെ ഹൃദയത്തിന്റെ മിടിപ്പുകൂടുന്നതുപോലുമറിയാവുന്ന, കോടതിമുറിയിലെ നിശബ്ദതയിൽ നിന്നുമെഴുന്നേറ്റോടിപ്പോയില്ലെങ്കിൽ, എനിക്ക് ഭ്രാന്തു പിടിക്കുമെന്നുറപ്പായതോടെ, ഞാൻ 'ഡ്രാഫ്റ്റ്സ്മാനാ'യി ഒതുങ്ങി, വക്കീലാപ്പീസിൽ തങ്ങി! പാന്റ്സും കോട്ടും ഗൗണും വേണ്ട, മുണ്ടുടുത്താലും മതി! വേഷം കെട്ടലുകളെനിക്കു പറ്റിയതല്ലെന്നെനിക്കറിയാം. ഞാനങ്ങനെയല്ല ജീവിച്ചു പോന്നത്. നേരെ വാ നേരേ പോ! അതാണെന്റെ രീതി.

ഷാപ്പിലിരുന്ന് കഥപറഞ്ഞും ലക്ഷ്യമില്ലാതെ അലഞ്ഞും ജീവിച്ചതിനിടെ ഒരുപാടൊരുപാട് മനുഷ്യജന്മ

ങ്ങളിലൂടെ കടന്നുപോകാനെനിക്കു പറ്റി. എഴുത്തുകാരനാകാനുള്ള പൂതി ഓർമ്മവെച്ചനാൾ മുതൽ മനസ്സിൽ താലോലിച്ചതിനാൽ, എല്ലാവരേയും, എന്നെത്തന്നെ, കഥാപാത്രങ്ങളായി കാണാനെനിക്ക് പറ്റുമായിരുന്നു. അതെനിക്കിഷ്ടവുമായിരുന്നു... കഥയെഴുത്തുകാരനാകാനാഗ്രഹിച്ചൊടുവിൽ ഞാൻ അന്യായമെഴുത്തുകാരനായി മാറി. ഉപജീവനം കണ്ടെത്താൻ, രാപ്പകലെഴുത്തു നടത്തുന്ന കഥാപാത്രമാണ് ഞാനെന്നു സ്വയം കണ്ടാസ്വദിച്ചു. ശരീരവും മനസ്സും തമ്മിലന്തരം സൂക്ഷിക്കാനെനിക്കറിയാമായിരുന്നു.

കള്ളക്കഥകൾ മെനഞ്ഞുണ്ടാക്കി അന്യായങ്ങളും പത്രികകളുമെഴുതി! കൂർത്ത മുനയുള്ള ബുദ്ധി കൊണ്ട്, ആടിനെ പട്ടിയാക്കാനെനിക്കറിയാമായിരുന്നു. എന്നിട്ടും നിറയാത്ത കീശയും ശൂന്യമായ മനസ്സും വിശക്കുന്ന വയറുമായി വീടെത്തേണ്ട ഗതികേടു മറക്കാൻ, രാഗം തിയ്യറ്ററിനു മുൻപിൽ അപശകുനം പോലെ പൊരുതിനിന്ന പോളീടെ പെട്ടിക്കടയിലെ, ഒരേ ഛായയുള്ള ഏതെങ്കിലുമൊരു 'സഹോദരനോടു' കടം വാങ്ങും. ആ കാശു കൊടുത്ത് 'എലൈറ്റിൽ' കയറി കുടിച്ച്, മറ്റൊരു പോളി സഹോദരനോടു വീണ്ടും കടം വാങ്ങി, ഓട്ടോറിക്ഷയിൽ കയറി ലക്കുകെട്ട് വീട്ടിലേക്കു പോരും. യാത്രക്കിടെ ഞാനോട്ടോക്കാരനുമായെന്റെ സൗഹൃദമാരംഭിക്കും. അവനുമൊത്ത് തിരൂർ ബാറിലിരുന്ന് കഥ പറയും. മാനേജർ ജൈസൻ മൂക്കിൽ തുളച്ചു കയറുന്ന മദ്യഗന്ധത്തിനെ പുറത്തുകളയാനെപ്പഴും, മൂക്കിലൂടെ ശ്വാസം പുറത്തുതള്ളി. മൂക്കുതിരുമ്മിചുവപ്പിച്ചടുത്തുവന്നിരുന്ന് ചെവിയിലോർമ്മിപ്പിക്കും...

“വക്കീലേ എനിക്കുറങ്ങേണ്ടേ?” 'സോറി'പറഞ്ഞവിടെനിന്നിറങ്ങുമ്പോൾ ബില്ലുതീർത്തതിന്റെ ബാക്കി പറ്റും പറഞ്ഞ്, അരക്കുപ്പികൂടി കടം വാങ്ങി, അരയിൽത്തിരുകാൻ ഞാൻ മറക്കാറില്ല. വീട്ടിലെത്തി ബെല്ലടിച്ചുണർത്തിയ രാജിയോട് 'കാശ് കൊട്!' എന്നു മാത്രം പറഞ്ഞ് വരാന്തയിൽ കിടന്നുറങ്ങിപ്പോയാലും, കുപ്പിയെന്റെ തലക്കൽ, കയ്യകലത്തിൽ കാവലിരുന്നു. പുറത്തോട്ടോക്കാരനും... 'ഞാൻ കൊടുക്കാതെയവളുടെ കയ്യിൽ, ഓട്ടോക്കാരന് കൊടുക്കാനുള്ള കാശുണ്ടാകുന്നതെങ്ങനെ?' എന്നാലോചിക്കാനുള്ള ബോധമെനിക്കില്ലായിരുന്നു. ഇടക്ക് വണ്ടിനിറുത്തിയതും കുടിച്ചതും പറഞ്ഞതും ചെയ്തതും ഒന്നുമൊന്നും എനിക്കോർമ്മയില്ല....സത്യം! പിറ്റേന്ന് രാത്രി ജൈസൻ പലതുമോർമ്മിപ്പിക്കും. മദർ തെരേസയും രാജീവ്ഗാന്ധിയും മരിച്ചസംഭവം മാസങ്ങൾക്കു ശേഷമാണ് ഞാനറിഞ്ഞത്. തലച്ചോറിൽ രജിസ്റ്റർ ചെയ്യപ്പെടാതെ പോയ എത്രയെത്ര സംഭവങ്ങൾ? മദ്യപന്റെ ജീവിതത്തിൽ അവയുടെ പങ്കെന്താണെന്നറിയിക്കാൻ ആരാണവനെ സഹായിക്കുക?

'ഭാര്യയുടെ വാക്കുകേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവനാണല്ലോ!' മദ്യപന്റെ വിശ്വാസപ്രമാണങ്ങളിലൊന്നാമത്തേതതാണ്! പാതിരാത്രിയിൽ ഓട്ടോക്കൂലി കൊടുക്കുവാനില്ലാത്ത കുടിയന്റെ ഭാര്യക്ക്, കടക്കാരനായ ഓട്ടോറിക്ഷക്കാരനിൽ നിന്നും സുരക്ഷ നൽകാനെന്റെ വീട്ടിലാകെയിനി അഞ്ചുവയസ്സുകാരൻ മകൻ മാത്രമാണുള്ളത്. എന്നിട്ടും..., ജിയോൻ മൂന്നു തവണ മാറ്റി കൊണ്ടുവന്ന് വിരിച്ച മാർബിളിന്റെ തണുപ്പിൽ, വരാന്തയിൽ ഞാൻ സകലതും മറന്നുറങ്ങി... പിറ്റേന്ന് രാവിലെയവളുടെ കറുത്ത മുഖം കണ്ടുണരുമ്പോൾ ഞാനെന്റെ കിടപ്പുമുറിയിലെ കട്ടിലിലായിരുന്നു. കിടക്കയിലൊരു ചുളിവുപോലുമില്ലായിരുന്നു. അവളൊന്നും മറക്കില്ല! പറഞ്ഞുകേട്ടവർക്കും കണ്ടുനിന്നവർക്കും മറക്കാം, അനുഭവിച്ചവർക്കതിനാകില്ല! മദ്യപാനി മാപ്പർഹിക്കുന്നില്ല! അവനേൽപ്പിച്ച പീഢനങ്ങൾക്ക് പകരം നൽകാൻ മരണമല്ലാതെ മറ്റെന്തുണ്ട്? ആത്മഹത്യയും ആത്മബലിയും തമ്മിൽ വ്യത്യാസമുണ്ടോ? എങ്ങനെയവനതിന് കഴിയും? ഏതാണ് ശരി? എതാണ് തെറ്റ്? അറിയില്ല! പൊരുളുകൾ തേടിയുള്ള അലച്ചിലൊടുങ്ങാറായിരിക്കുന്നു...

പുനർജനിയിലൂടെ മാത്രമാണെനിക്കെന്റെ മനുഷ്യത്വം വീണ്ടെടുക്കാനാവുക! പക്ഷേ.... എങ്ങനെ? ആരെന്നെ സഹായിക്കും? ഇതുവരെയുള്ള എന്റെ ജീവിതരേഖ, ഒരു മഷിത്തണ്ടുകൊണ്ട് ആരെങ്കിലുമൊന്ന് മായിച്ചുതന്നെങ്കിൽ! എങ്കിൽ ഞാനതുപുതുക്കിവരയ്ക്കും. വിറയ്ക്കാത്ത കൈകൾകൊണ്ടൊരു നേർരേഖ! എനിക്ക് ഫീനിക്സായി പറന്നുയരണമെന്നുണ്ട്.... പക്ഷേ, അതിനു മുൻപീ ചാരായക്കിടക്കയിൽ കിടന്നു ഞാൻ ചാരമായി തീരണമായിരിക്കും!

ദൈവത്തിന്റെ പുത്രൻ! കുരിശിലേറി, മൂന്നാം നാളുയർത്തെഴുന്നേറ്റ് പിതാവിന്റെയടുക്കലേക്ക് പോയവൻ. അവനെന്നെ പുന:രുത്ഥാനം ചെയ്യുമെന്ന് മാർഗ്ഗം കൂടിയ ഉപദേശിയെനിക്ക് 'വചനം' നോക്കി പറഞ്ഞുതന്നു. ഞാനവരെ എനിക്കുവേണ്ടി പ്രാർത്ഥിക്കാനെന്റെ വീട്ടിലേക്ക് ക്ഷണിച്ചു. അവർ സംഘമായി വന്നു പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പ്രഘോഷണത്തോടെ പ്രാർത്ഥിച്ചു.

“ദൈവമേ ഈ രാത്രിക്കാലം നീയീ മകനെ തൊടേണമേ! നിന്റെയാണിപ്പാടുകളുള്ള കരങ്ങളിലെ വിരലുകൾ നീട്ടി, നീയിവനെ തൊട്ടനുഗ്രഹിക്കേണമേ! ഇവന്റെ മദ്യപാനത്തിൽ നിന്നും നീയീ പാപിയെ വിടുവിക്കേണമേ....!” അവർ കൈകൊട്ടിപ്പാടുന്നതിനിടയിൽ, ഇടയ്ക്കിടെ ഞാനെന്റെ മുറിയിൽ കയറി, ഒരു കവിൾ വീതം മോന്തി... മുഖം തുടച്ച് തിരിച്ചു വരുന്നതിന്റെ പൊരുളാരുമറിഞ്ഞില്ല. എനിക്കതൊരു തമാശയായിരുന്നു. വിഢികൾ! ദൈവരാജ്യത്തിനവകാശിയാകാൻ യോഗ്യതയില്ലാത്തവനെ അവരെങ്ങനെയകത്തു പ്രവേശിപ്പിക്കും? ചിരിക്കാതിരിക്കുന്നതെങ്ങനെ! ഞാൻ മനസ്സിൽപാടി, 'കപ്പ മൂക്കുമ്പോൾ നമുക്ക് യോഗം കൂടണം! ഉപ്പുമത്തി ചുട്ടുകൂട്ടി കപ്പ തിന്നണം....' എന്നിട്ടുമൊരുറക്കം കഴിഞ്ഞുണരുന്നേരം ഞാൻ പ്രത്യാശയോടെയിരുട്ടിലേക്ക് നോക്കി കാത്തുകിടന്നു. അദൃശ്യമായ വിശുദ്ധ കരങ്ങളിലെ വിരലുകൾ കൊണ്ട്, എന്റെ മനസ്സിലോ ശരീരത്തിലോ ആരെങ്കിലും തൊട്ടോ? ആരുമെന്നെ തൊട്ടില്ല! മാറ്റൊലികൾ മാത്രമായ പ്രാർത്ഥനകളെ ഞാൻ വെറുത്തു...

ശരീരമുറങ്ങിയാലും മനസ്സ് സ്പർശത്താലുണരും! തുടയിലാരോ കൈമലർത്തി അടിച്ച വേദനയാലാണ് ഒരിക്കൽ ഞാനുണർന്നത്. ദൈവത്തിന്റെ വിരൽസ്പർശത്തിന് വേദനയുണ്ടാകില്ല! തൂവൽ സ്പർശം പോലെയത് ശരീരത്തിൽ കുളിരുകോരും. പക്ഷെ അഞ്ചുവിരലും ചേർത്ത്, തുടയിലടിച്ചാൽ ആർക്കും വേദനിക്കും. ആഞ്ഞടിക്കുകയാണെങ്കിലോ? ഞാൻ ഞെട്ടിയുണർന്നു. വേദനിപ്പിച്ചവനോടെതിർക്കാനേതു ജന്തുവിന്റെയും ശരീരമുണരും, രക്തസംക്രമണത്തിന്റെ വേഗതയേറും, ഹൃദയമിടിപ്പുകളുടെയെണ്ണം കൂടും, രോമങ്ങളെഴുന്നു നിൽക്കും, മുഖം ചുവക്കും.... പ്രകൃതിയൊരുക്കിയ പ്രതിരോധപ്രവർത്തനങ്ങൾ! മനുഷ്യനിലുമവന്റെ മനസുപോലുമറിയാതെയത് സംഭവിക്കും. സൈക്കോളജി –

ഇൻസ്റ്റിങ്ങ്ക്ട് !

പക്ഷേയത് പലിശക്കാരനായിരുന്നു! ഷൈലോക്ക്! ബ്ലേഡ്! ചോരയിറ്റിക്കാതെ കരളു മുറിച്ചെടുക്കുന്നവൻ!

ഫണം വിടർത്തിയുണർന്ന എല്ലാ ചോദനകളെയും, ഒറ്റ നിമിഷംകൊണ്ട്, തലയിൽ  തലോടി അനുനയിപ്പിച്ച്, ഞാനെന്റെ മനസ്സിന്റെ കൂടയിലാക്കി. എന്നിട്ട് വിനയപൂർവ്വം പറഞ്ഞു.

“സോറി, നാളെത്തരാം. ഇന്നൊന്നാന്തിയാണെന്ന കാര്യം മറന്നു!” ഞാനവന്റെ മുന്നിൽ പഞ്ചപുച്ഛമടക്കി നിൽക്കാൻ യോഗ്യനാണ്. തലകുനിക്കാനിഷ്ടമില്ലാതിരുന്നവന്റെ ശിരസ്സിൽ തിരിക്കല്ലു വെച്ചുകെട്ടിയവരാരും തിരിഞ്ഞുനോക്കില്ല. അവനെന്റെ ദൈവമാണ്! സ്വർണ്ണം കൊണ്ടുണ്ടാക്കിയ സർപ്പം! അവനെ വണങ്ങാതിരിക്കാനെനിക്കാവില്ല!!

അപ്പനെന്റെ വിരലിൽ പിടിച്ച് മുന്നിൽ നടന്നു. തീയും വിറകും കത്തിയുമപ്പന്റെ പക്കലുണ്ടായിരുന്നു. ‘ബലിക്കായുള്ള മൃഗമെവിടെ?’യെന്നപ്പനോടു ചോദിക്കാനെനിക്ക് ഭയമായിരുന്നു. ‘അതു നീ തന്നെ’യെന്നപ്പനെന്നോടു പറയുമെന്നെനിക്കറിയാം...

ഞാൻ ബലിയാടായി തുടരുക തന്നെ ചെയ്യും... ദൈവം കരുണയാണ്. ദൈവം സ്നേഹമാണ്. അതിൽ കൂടുതലോ കുറവോ ആയ ഒന്നും ദൈവമേയല്ലെന്നെനിക്കറിയാം. ഞാൻ സ്വർഗ്ഗത്തിലെ ദൈവത്തിൽ വിശ്വസിച്ചിട്ടില്ല! ഒടുവിൽ  അനുഭവിച്ചറിയുകയായിരുന്നു...

ഇതെന്റെ നിയോഗം. ഞാൻ അബ്രഹാമിനേക്കാൾ മഹത്വമുള്ളവൻ. എന്റെ മകനെ ബലിയാടാക്കാൻ ഞാനൊരുക്കമല്ല! പകരം ഞാനെന്നെ ബലിയായർപ്പിക്കാം. എന്റെ മകനെ ബലിയായി ആവശ്യപ്പെടുന്ന ദൈവത്തിൽ ഞാൻ വിശ്വസിക്കില്ല! എവിടെയോ ആരംഭിച്ചെവിടെയോ ചെന്നവസാനിക്കുന്ന യാത്രയിൽ വിളക്കും പാഥേയവും മാത്രമല്ല, വെളിവും നഷ്ടമായവന്റെ ശിഥില സ്മരണകളിലൂടെയൊരു ദേശാടനം. അതുമാത്രമാണിത്.

അന്ന്, കോട്ടയ്ക്കലിൽ നിന്ന് തൃശൂർക്ക് ബസ്സ് കയറുമ്പോൾ വിരലുകൾക്ക് പതിവിലും കൂടുതൽ വിറയലുണ്ടായിരുന്നു. ഏറ്റവും പിന്നിലെ സീറ്റിലിരുന്നതിനാൽ വാതിൽപ്പഴുതിലൂടെ ബസിനുള്ളിലേക്ക് കയറുന്ന കൊച്ചുവെളുപ്പാൻകാലത്തെ കോച്ചുന്ന തണുപ്പുകാറ്റുമേറ്റ് വിരലുകൾ മാത്രമല്ല ശരീരമാസകലം വിറയ്ക്കാൻ തുടങ്ങി. തണുത്തു മരവിച്ച സീറ്റിൽ, കമ്പികളിലമർത്തി പിടിച്ച്, വിറയൊതുക്കാൻ ശ്രമിക്കുന്നതിനിടെ, വളാഞ്ചേരിയിലെത്തിയാൽ ഇറങ്ങണമെന്ന തീരുമാനമെടുത്തു. ചായ കുടിക്കാനവിടെ നിർത്തുന്നുണ്ടെങ്കിൽ ഭാഗ്യം! അല്ലെങ്കിലുമിറങ്ങണം. അല്ലാതെ പറ്റില്ല! ഒടുക്കത്തെ ഈ വിറ... എവിടെച്ചെന്നവസാനിക്കുമെന്നറിയില്ല. തലച്ചോറുപോലും മരവിക്കുന്നു. തൃശ്ശൂര് വരെയെടുത്ത ടിക്കറ്റിന്റെ ശേഷിച്ച പണം പോകുമെന്നല്ലേ! അതു സാരമില്ല. കയ്യും കാലും ശരീരം മുഴുവനും വിറക്കുന്ന ഈ അവസ്ഥയിൽ പോയാൽ, തൃശ്ശൂരെത്തും മുമ്പ് ഞാൻ മരിക്കുമെന്നെനിക്കുറപ്പുണ്ടായിരുന്നു. അല്ലെങ്കിലെന്റെ ബോധം നഷ്ടമാകും!

ഈയിടെയായി, പുലർച്ചയ്ക്ക് കൈവിറ മാറ്റാനായി, രാത്രിയിൽ കുപ്പിയലവശേഷിപ്പിക്കാറുള്ളതുപോലും, ഉണരും മുമ്പ് കുടിച്ചുപോകുന്നു...

സിരകളിലൂടെ തണുപ്പ് ശിരസ്സിലേക്ക് വ്യാപിക്കുന്നു. കൈകാലുകൾ തളരുന്നു. ശരീരം മരവിച്ച് ബോധം കൈവിടുന്നു. കമ്പികളിലെ പിടുത്തമയഞ്ഞ്, സീറ്റിൽ നിന്ന് നിലത്തേക്ക് ഞാൻ കെട്ടിമറിഞ്ഞു വീഴുകയാണോ? പോക്കറ്റിലവശേഷിക്കുന്നത് നൂറിൽത്താഴെ രൂപയും എന്റെ ഐഡന്റിറ്റി കാർഡുമാണെന്ന ഓർമ്മ മാത്രമവശേഷിച്ചു. എന്റെ ശവശരീരം തിരിച്ചറിയപ്പെടാതെ വരില്ല! യാക്കോബായ പള്ളിയിലതടക്കം ചെയ്യും. ഒരച്ചൻ, ചെറിയൊരാൾക്കൂട്ടം, ഓർമ്മദിവസം! എന്റെകഥ കഴിഞ്ഞു... പക്ഷേ, മോനും രാജിയ്ക്കും ഞാനില്ലാതാകും. ചരിത്രത്തിൽ നിന്നുമോർമ്മകളിൽ നിന്നുപോലും ഞാൻ നിഷ്കാസിതനാകും. എന്നെന്നേയ്ക്കും... ദൈവമേ!

എ. ടി. കോവൂരും മരിക്കുന്നതിന് മുമ്പ് ‘ദൈവമേ’യെന്നു വിളിച്ചെന്ന് അമ്മ വിശ്വസിച്ചിരുന്നു. ഏതോ ഉപദേശി പ്രസംഗിച്ചതു കേട്ടതാകും. ഗാന്ധിജി വെടി കൊണ്ടു പിടഞ്ഞ നേരത്തുപോലും ‘റം’ ‘റം’ എന്നാവശ്യപെട്ടോണ്ടാണ് ചത്തതെന്ന് ഇന്ത്യൻ ജോയി പറഞ്ഞത്, ജോയിക്കുട്ടൻ മാത്രം വിശ്വസിച്ചു. മറ്റുള്ളവരതുകേട്ടു ചിരിച്ചു.

ഞാനൊന്നു പിടഞ്ഞു. ശരീരവും മനസും വേർപ്പെട്ടൊടുങ്ങും മുമ്പ് അവസാനത്തെ പിടച്ചിൽ..... ശേഷം?

ശേഷക്രിയക്ക് കിടത്തിയവൻ കണ്ണുതുറക്കുന്നതു പോലെ, വിടർന്നകണ്ണുകൾക്ക്  മുന്നിൽ ഒരപരിചിത മുഖം! ഞാൻ ജീവിച്ചിരിപ്പുണ്ടെന്നും വളാഞ്ചേരിയിൽ, ആശുപത്രിക്കിടക്കയിലാണെന്നും തിരിച്ചറിയാൻ ഏറെ സമയമെടുത്തു. ബസ്സുകാരെന്നെയവിടെയെത്തിച്ച്, ഡോക്ടർ വരും മുമ്പ് കടന്നുകളഞ്ഞു. അബോധാവസ്ഥയിൽ ഞാൻ പുലമ്പിയവയിൽ നിന്നും, വളാഞ്ചേരിക്കാരൻ ബാലകൃഷ്ണൻ നായരുടെ മകൾ പ്രസന്നയെന്റെ സുഹൃത്താണെന്നവർക്കു മനസ്സിലായി. ഡോക്ടറവരുടെ കുടുംബസുഹൃത്തായിരുന്നിരിക്കണം. ഡോക്ടറവളെ  വിളിച്ചു. സ്ക്കൂട്ടറിൽ വിവരമന്വേഷിക്കാൻ, പ്രസന്നയവളുടെ ഭർത്താവിനെ വിട്ടു. ഡോക്ടറെക്കണ്ട് അയാൾ കാര്യം തിരക്കി.  പ്രസന്നമല്ലാത്ത മുഖവുമായി, എന്നെക്കാണാൻ വന്നു. കിടക്കയ്ക്കരുകിൽ നിന്നു ചോദിച്ചു.

“നിങ്ങളാരാ?” എനിക്കയാളെയറിയില്ല. പ്രസന്നയുടെ കല്യാണത്തിന് പോകാനെനിക്കായില്ല. ഞങ്ങൾ പരിചയപ്പെട്ടു. എന്റെയവസ്ഥയയാൾക്ക് ബോദ്ധ്യപ്പെട്ടു. ജീവൻ തിരിച്ചുകിട്ടിയതിന്റെയാഹ്ലാദത്തിലായിരുന്നു ഞാൻ. ആശുപത്രിയിലെത്തിക്കാൻ തോന്നിയ സുമനസുകൾക്ക് നന്ദി! എന്നിട്ടുമെന്റെ കിടപ്പിലുള്ള ആശങ്കയേക്കാൾ മറ്റെന്തോ വ്യാകുലതകൾ, അയാൾക്കുള്ളതായി തോന്നി. അവളും ഞാനുമായുള്ള ബന്ധത്തെ കുറിച്ചയാൾ വിശദമായി ചോദിച്ചറിഞ്ഞു! ഇത്രയും കാലമൊരുമിച്ചു കഴിഞ്ഞിട്ടുമവളെന്നെക്കുറിച്ചയാളോടു പറഞ്ഞിട്ടില്ല! സ്ത്രീകൾ സ്വാർത്ഥമതികളാണ്. സുരക്ഷയാണവർക്കു പ്രധാനം! അന്നെനിക്കതിന്റെ പൊരുളറിയുമായിരുന്നില്ല!

അവളെന്റെ ആത്മമിത്രമായിരുന്നു. മദ്യപാനത്തിന്റെ ദിനങ്ങളിലെന്നോ, അവളുടെ വിവാഹം ഞാനറിഞ്ഞിരുന്നെങ്കിലും പങ്കെടുക്കാനാകാതെ പോയതിലെനിക്ക് ഖേദമുണ്ട്. എന്റെ വിവാഹത്തിനച്ഛനേയും കൂട്ടി വാശിപിടിച്ച് കോട്ടയം വരെ വന്നിട്ടും, അവൾക്കതിൽ പങ്കെടുക്കാനായില്ല. ജീപ്പ്, അപകടത്തിൽപെട്ട് മെഡിക്കൽ കോളേജിൽ കിടക്കേണ്ട ഗതികേടനുഭവിച്ചവൾ! എന്നിട്ടും, ആദ്യരാത്രിയായിരുന്നിട്ടും, അവളെ കാണാൻ ഞാനാശുപത്രിയിൽ ചെന്നു. അവളുടെ വിവാഹത്തിൽ പങ്കെടുക്കാനാവാഞ്ഞതിന്റെ ഖേദമെനിക്കിന്നുമുണ്ട്.

എന്നിട്ടുമൊരപകടത്തിൽപെട്ട്, പരിചിതമല്ലാത്ത സ്ഥലത്ത്, ആശുപത്രിയലഡ്മിറ്റ് ചെയ്യപ്പെട്ട, മറ്റാരുമടുത്തില്ലാത്ത, ഭാര്യയുടെ സഹപാഠിയും സുഹൃത്തുമായ ഒരനാഥ രോഗിയോട




**മദ്യപന്റെ തോൽവി സുനിശ്ചിതമാണ്. അതവനോട് പറഞ്ഞുകൊടുത്താൽ, ഒരിക്കലുമതവൻ അംഗീകരിക്കില്ല! 'എന്നെ പഠിപ്പിക്കാനുള്ള യോഗ്യതയുള്ളവനാരടാ?' അവന്റെ നിഘണ്ടുവിൽ 'അടിയറവി'ല്ല! തോൽവികളുടെ ചരിത്രമറിയാത്ത ചാവേർ പടയാളിയാണവൻ! മദ്യപന്റെ വിധിയതാണ്! മരണം വിധിക്കപ്പെട്ടവന്റെ മാപ്പപേക്ഷകളാരു പരിഗണിക്കും? ദയാഹർജ്ജിപോലുമാരും പരിഗണിക്കാതെ തള്ളും. കാരണമതു സമർപ്പിച്ചവന്റെ കൈകളശുദ്ധമത്രെ! 'വെടുപ്പുള്ള കൈകൾ നീട്ടി നീതിക്കായ് യാചിക്കുക!'**

യാൾക്ക് വേണ്ടത്ര സഹാനുഭൂതി തോന്നിക്കാത്തതിലെനിക്കമർഷം തോന്നി. അനുതാപമേതുമില്ലാതെ, സംശയനിവാരണാർത്ഥം, അയാൾ തിരക്കിട്ട് വീട്ടിലേക്ക് തിരിച്ചുപോയി. ഞാൻ വീണ്ടും തനിച്ചാക്കപ്പെട്ടു. മദ്യപന്റെ ഏകാന്തത അവനസഹ്യമായിത്തീരും, അവനെല്ലാവരാലുമുപേക്ഷിക്കപ്പെടും. പണ്ഡിതനും പാമരനും ധനികനും ദരിദ്രനുമൊരുപോലെയെത്തിച്ചേരുന്ന മറ്റൊരാത്മവിദ്യാലയമാണ് മദ്യശാല! അവിടെനിന്നിറങ്ങിയാൽ ഓവുചാലിലുറങ്ങാനവൻ ശപിക്കപ്പെട്ടിരിക്കുന്നു!

തലക്കു മുകളിലെ ഗ്ലൂക്കോസ് കുപ്പി കാലിയായാൽ എനിക്ക് പോകാമെന്നൊരു നേഴ്സ് വന്നു പറഞ്ഞു. പക്ഷെ ബില്ലടയ്ക്കാൻ? പോക്കറ്റിലാകെ നൂറിൽത്താഴെ രൂപയുണ്ടാകും.

ദൈവം പറഞ്ഞയച്ച മാലാഖയായവൾ വീണ്ടും മുന്നിൽ പ്രത്യക്ഷപ്പെട്ടു. പ്രസന്ന! അവളുടെ മുഖത്തുമുൽകണ്ഠയല്ല, രോഷം! അവളൊന്നുമുരിയാടാതെന്റെ കണ്ണുകളിലേക്കുനോക്കി കട്ടിലിനരികിലിരുന്നു. അവളുടെകൂടെ ഭർത്താവില്ലായിരുന്നു.

“നിന്റെ കെട്ട്യോനൊരു മനുഷ്യപറ്റില്ലല്ലോ?”

“മനുഷ്യപ്പറ്റ്! എന്നെക്കൊണ്ടൊന്നും പറയിക്കണ്ട, വഴീന്നൊരാളെ ആശുപത്രിയിലാരോ കൊണ്ടിട്ടൂന്നും, പ്രസന്നയുടെ സുഹൃത്താണെന്നും ഡോക്ടറ് ഫോണിൽ വിളിച്ചുപറഞ്ഞപ്പോൾ, ചാടി പുറപ്പെട്ടതാ കക്ഷി. പറഞ്ഞിട്ടെന്താ കാര്യം? സ്ഥിരം കുടിയന്മാർക്ക് ചാരായം കിട്ടാതെ വന്നാലുണ്ടാകുന്ന സൂക്കേടാ ഭാര്യേടെ സുഹൃത്തിനെന്ന് കേട്ടാ, ഏത് ഭർത്താവിനാ ഇഷ്ടാവ്വാ! ഓർമ്മയുണ്ടാവില്ല! അതിന് തലക്കു വെളിവുള്ളനേരമുണ്ടായിട്ടു വേണ്ടേ? എന്റെ കല്യാണം കഴിഞ്ഞിട്ടിന്നേക്കൊരാഴ്ചയായില്ല! അറിയ്യോ? കുടിച്ച് വഴീവീണതല്ല, കുടിക്കാൻ കിട്ടാത്തോണ്ട് വഴീൽ വീഴുന്ന ഒരുസുഹൃത്ത്, ഭാര്യക്കുണ്ടെന്നറിഞ്ഞാൽ ജോൺസനിഷ്ടപ്പെട്വോ? ആ പാവം, രാജിയെന്തു പിഴച്ചു? അതെങ്കിലുമോർക്കണായിരുന്നു! ഇനിയെങ്കിലുമൊരു മനുഷ്യനെ പോലെ ജീവിക്ക് ജോൺസാ!”. ഇരുന്നൂറുരൂപയും കയ്യിൽ വച്ചുതന്നവൾ തിരിച്ചുനടന്നു. ഒന്നു തിരിഞ്ഞുനോക്കുക കൂടി ചെയ്തില്ല! എന്നെയുപേക്ഷിക്കുന്നവരിൽ അവളുടെയുമൂഴം വന്നു. സൗഹൃദങ്ങളുടെ കണ്ണികളൊരോന്നായറ്റു പോകുന്നതറിയാതെ ഞാനവളോട് പിണങ്ങി. മദ്യപാനിയെന്ന മേൽവിലാസമെന്റെ മരണവാറണ്ടായി തീരുന്നുണ്ടോ?

തിരിച്ച് വീട്ടിലെത്തിയ നിമിഷത്തിൽ, അവളുടെ പേർക്ക് ഇരുനൂറുരൂപ മണിയോർഡറയച്ചു. 'നന്ദി! ഇനി ശല്യപ്പെടുത്തില്ല!' മണിയോർഡർ ഫോറത്തിനു ചുവട്ടിലമർത്തിയെഴുതി, രോഷങ്ങൾക്കടിയിലൊളിപ്പിച്ച വേദനകളറിയാതെ പോയവൾ. അവളെന്റെ നന്മ മാത്രമാണെന്നും കാംക്ഷിച്ചത്.... ഞാനന്നതിന്റെ പേരിൽ കുടിച്ചു. സൗഹൃദങ്ങളുടെ മൂല്യം മറന്നത് ഞാനോ? അവളോ?

വീഴ്ചകളിൽ നിന്നും പലതവണ കരേറി, തീത്തൈലത്തിന്റെ കരുത്തിൽ മരണത്തെ നേരിടാൻ കഴിയുമെന്നു വിശ്വസിച്ചവന്റെ ജീവിതം കരിന്തിരികത്തി. അതണയാറാകുന്നതും എനിക്കറിയാമായിരുന്നു. എന്നിട്ടും ഞാൻ നിഴലുകളോട് പൊരുതി! മദ്യപന്റെ തോൽവി സുനിശ്ചിതമാണ്. അതവനോട് പറഞ്ഞുകൊടുത്താൽ, ഒരിക്കലുമതവൻ അംഗീകരിക്കുകയില്ല! 'എന്നെ പഠിപ്പിക്കാനുള്ള യോഗ്യതയുള്ളവനാരടാ?' അവന്റെ നിഘണ്ടുവിൽ 'അടിയറവി'ല്ല! തോൽവികളുടെ ചരിത്രമറിയാത്ത ചാവേർ പടയാളിയാണവൻ! മദ്യപന്റെ വിധിയതാണ്! മരണം വിധിക്കപ്പെട്ടവന്റെ മാപ്പപേക്ഷകളാരു പരിഗണിക്കും? ദയാഹർജ്ജിപോലുമാരും പരിഗണിക്കാതെ തള്ളും. കാരണമതു സമർപ്പിച്ചവന്റെ കൈകളശുദ്ധമത്രെ! 'വെടുപ്പുള്ള കൈകൾ നീട്ടി നീതിക്കായ് യാചിക്കുക!'

അന്ത്യചുംബനത്താൽ ഒറ്റുകൊടുത്തവനെ ക്രൂശിക്കാൻ, ജനമാർത്തു വിളിക്കും. ജനഹിതം മാനിക്കപ്പെടും. കൈ കഴുകിത്തുടച്ച്, തലതിരിച്ചെന്നെ കടന്നു പോയവരോടെല്ലാം ഞാൻ പൊറുക്കാം... ഇല്ല! എങ്ങും ഇരുട്ടുമാത്രം! മിന്നാമിനുങ്ങിന്റെ നനുങ്ങുവെട്ടം പോലുമില്ലാത്ത നിശബ്ദരാവുകളിൽ

എന്റെ തേങ്ങിക്കരച്ചിലാരും കേട്ടില്ല. രാജിയൊഴികെ!

നാം സാക്ഷരരത്രെ! മരണത്തിൽ പോലും സാന്ത്വനവുമായി ഓടിയെത്തുന്നവർ ഒരുപാടുപേരെ മരണത്തിലേക്കാവാഹിക്കാൻ കെൽപ്പുള്ള മദ്യത്തിന്നിരയായിത്തീർന്നവനോടു മാത്രം നീതി പുലർത്താറില്ലാത്തതെന്താണ്? മദ്യപൻ സാമൂഹ്യവിരുദ്ധനും പാപിയുമത്രെ! സമൂഹത്തിന്റെ അലിഖിത നിയമം ചോദ്യം ചെയ്യാനെനിക്കൊരു ജന്മം കൂടി വേണം. ഞാനതല്ല. എനിക്ക് കുടിയനാകേണ്ട!

പക്ഷെ, മദ്യപൻ പാപിയത്രെ! തിന്മമാത്രം പ്രവർത്തിക്കുന്നവൻ, നന്മയുടെ ഉറവയടച്ചവൻ! ഞാനുമവരിലൊരുവനായത് ഞാനറിയുന്നുണ്ടായിരുന്നു. പക്ഷെ രക്ഷപെടാനൊരു പഴുതെങ്കിലും?

ഒരിക്കൽ 'ബിനി'യിലാരോടോ ഒപ്പമിരുന്ന് കുടിച്ചു. ഭക്ഷണം കഴിക്കണമെന്നില്ലാതായി തുടങ്ങിയിരുന്ന കാലം. നട്ടുച്ചയ്ക്ക്, ഏസീന്നിറങ്ങിയപ്പോൾ 'ഇത്തിരി കൂടിപ്പോയോ'ന്നൊരു സംശയം! കൂടെയിരുന്നു കുടിച്ചവനാത്മാർത്ഥത പോര. എന്നെ തനിച്ചാക്കി, രണ്ടു പെഗ്ഗടിച്ച്, കുപ്പിയിലവശേഷിച്ചതെന്നെയേൽപ്പിച്ചവൻ, സ്റ്റാൻഡു വിട്ടു! എനിക്കേതു കാര്യത്തിലുമാത്മാർത്ഥതയുണ്ട്. കുടിയുടെ കാര്യത്തിലുമതു വേണ്ടേ? ബാക്കിമുഴുവൻ ഞാൻ തനിച്ചിരുന്ന് കുടിച്ചു. കുപ്പി കാലിയാക്കി. അവൻ ബില്ലു കൊടുത്തിരുന്നു. ഏതോ മാന്യസുഹൃത്ത്! ഒരു നേരത്തെ എന്റെ കാര്യം നടന്നു! ഇതിന്റെ പറ്റിറങ്ങും വരെ ദുഷ്ചിന്തകൾ ശല്യപ്പെടുത്തില്ല. മനസ്സിലേക്കാർദ്ര വികാരങ്ങളൊന്നും കടന്നു വരരുത്. അതെന്നെ വീണ്ടും കുടിപ്പിക്കും... പക്ഷേ, തല പെരുത്തുകയറി.. ... അത്രേം കുടിക്കേണ്ടീരുന്നില്ല. 'പിടുത്തം' വിട്ടുപോകുമോന്നൊരു സംശയം. ബാക്കിയുള്ളത് പൊതിഞ്ഞ് അരയിൽ തിരുകിയാൽ മതിയായിരുന്നു. അവനെഴുന്നേറ്റ് ബില്ലും കൊടുത്ത് കടന്നുകളഞ്ഞതത്ര മര്യാദയായില്ല. ഓസിന് കുടിച്ചെനിക്ക് ശീലമില്ല! ആരെങ്കിലും വാങ്ങിത്തന്നിട്ടുണ്ടെങ്കിൽ അതിന്റെയിരട്ടി ഞാൻ തിരിച്ചു കൊടുത്തിട്ടുമുണ്ടാകും. ഇതൊരു വക 'ആക്ക്'ലായിപ്പോയി. ഇനി പറഞ്ഞിട്ടുകാര്യമില്ല. 'ആനയ്ക്ക് റിവേഴ്സ് ഗിയറില്ലല്ലോ?' അതിന്റെ കലിപ്പു തീർക്കാനവനടുത്തില്ലാത്തതിനാൽ, വാശിക്കതു മുഴുവനും കേറ്റി. വീട്ടിലേക്ക് ബസു കാത്തുനിന്നു. അതിൽ കയറിപ്പറ്റി വീട്ടിലെത്തുമ്പോഴേക്കും, സമയമൊരു പാടാകും. എന്റെ കണ്ട്രോളുവിട്ടു പോകുന്നുണ്ടോന്നൊരു സംശയം! ബിനിയിലാരോടു പറഞ്ഞാലും, ഏതെങ്കിലുമൊരു മുറി തുറന്നുതരും. ഫാനിട്ട്. രണ്ട് മണിക്കൂർ കിടന്നുറങ്ങിയെണീറ്റാൽ പ്രശ്നം തീരും, പക്ഷെ തനിച്ചു കിടക്കാനെനിക്കു മടിയായിരുന്നു. അന്നുമിന്നും! റാഫിയും ജിയോനും ആർട്ടിസ്റ്റുസാബുവുമെന്നെത്തഴഞ്ഞു. കിട്ടാവുന്ന സ്പീഡിൽ വീട്ടിലെത്തുന്നതായിരിക്കും ബുദ്ധി. ഒരോട്ടോ വിളിച്ചാലോ? പോക്കറ്റിൽ കാശുണ്ട് പക്ഷെ ഓട്ടോയിലിരുന്നുറങ്ങി, ഇറങ്ങാൻ വയ്യാത്തപരുവത്തിൽ വീട്ടിൽ ചെന്നാൽ? അതതിലും കുളമാകും! ഈയിടെയായി, രാജീടെ മുഖത്തുനോക്കാൻപോലും കഴിയുന്നില്ല! അവളത്രയേറെ സഹിക്കുന്നുണ്ട്.

തൃശ്ശൂരിലെ തിയ്യറ്ററുകളിൽ, ഒരു കാലത്ത്, സ്ഥിരമായി നൂൺഷോ കാണാൻ കേറുന്ന, സിനിമയുടെ പേരുപോലുമറിയേണ്ടാത്തൊരു കാഴ്ചക്കാരനുണ്ടായിരുന്നു! അത് ഞാനായിരുന്നു. വീട്ടിൽ പോകാൻ ശ്രമിക്കുന്നതിലും ഭേദം, അതായിരിക്കും നല്ലതെന്നെനിക്കു തോന്നി. ഓട്ടോറിക്ഷയിൽ കയറി രാഗത്തിനുമുന്നിലിറങ്ങി. തിയ്യറ്ററിലെ ലോ ക്ലാസുകളിലൊന്നിൽ, ചുവരിനോടടുത്ത സീറ്റിലിരുന്നുറങ്ങാൻ പത്തോ ഇരുപതോ രൂപ ചിലവാക്കിയാൽ മതി. ബസ്സിൽ കയറിയാൽ സീറ്റുകിട്ടുമെന്നുറപ്പില്ല. നിൽക്കേണ്ടിവന്നാൽ 'വാളു'റപ്പാ! പിന്നെ നാണക്കേട്! കുളിച്ചാലും പോകില്ല. പൂമലയ്ക്കുള്ള ബസ്സിൽ എന്നെയറിയാത്തവരാരുമുണ്ടാകില്ല. മാഷ്ടെ മോന്റെ തനിസ്വരൂപമവരറിയും...

മദ്യപന്മാരെ കുറിച്ച് പരദൂഷണം പറയലിലൊരു രസമുണ്ട്. കുടിയന്മാരുടെ കലാപരിപാടികളെക്കുറിച്ചു പറയുന്നവർക്ക്, ആയിരം നാവാണ്. പൊടിപ്പും തൊങ്ങലും ചേർത്തതൊരു വലിയ സംഭവമാക്കി മാറ്റും. രാജിയെ ഞാനുമറിഞ്ഞാൽ പിന്നെ ഞാൻ ചത്തുകളയുന്നതാണ് നല്ലത്! രാഗം തിയ്യറ്ററിനു മുന്നിലപശകുനം പോലെ നിലനിന്ന പെട്ടിക്കടയിലെ പോളി സഹോദരരിലൊരുവൻ, ചുരുട്ടി മടക്കിതന്ന മുറുക്കാൻ, 'തീൻ സൗ ബീസും' വായിലിട്ട്, തിയ്യറ്ററിലേക്കതിവേഗം നടന്നു. പടം വിട്ടിട്ടും, തിയ്യറ്ററിന്റെ മൂലയിലെ സീറ്റിൽ ചാരിയിരുന്നുറങ്ങിയിരുന്ന ഒരു മനുഷ്യനെ ചവിട്ടു പടികളിൽ കാലുകൾ തൊടാത്ത വിധത്തിൽ തൂക്കിയെടുത്ത്, ജീവനക്കാർ നിലത്തിറക്കി. നേരെ തള്ളിവിട്ടാൽ, റൗണ്ടിലെത്തും. വലതുവശത്തേക്ക് തലതിരിച്ച് തള്ളി വിട്ടാൽ... എലൈറ്റിലേക്കുള്ള ഇടവഴിയിൽ ചെന്നു വീഴും... ആ വഴിയിൽ തിരക്കുകുറവായിരുന്നു. അതിനാൽ...

അന്ന്, യമുന ഹോട്ടലിനുസമീപത്തുള്ള മൂത്രം മണക്കുന്ന ഇടവഴിയിലെ ചുവരിൽ ചാരിയിരുന്നുറങ്ങിയ ആ മനുഷ്യൻ ഞാനായിരുന്നു. ആരുമെന്നെ കണ്ടില്ലെന്ന് ഞാൻ വിശ്വസിച്ചു. പക്ഷേ എല്ലാവരുമെന്നെ കണ്ടത് ഞാനറിഞ്ഞില്ല. പോളി സഹോദരന്മാരിലൊരുവനോട് കടം വാങ്ങി, ഓട്ടോയിൽ കയറി, ബിനിയിലിറങ്ങി, വീണ്ടും രണ്ടെണ്ണമടിച്ചശേഷം, അതേ ഓട്ടോയിൽ വീട്ടിലെത്തി. രണ്ടുകണ്ണുകളുമടച്ചു കിടന്നുറങ്ങി... ആരുമെന്നെ കണ്ടിട്ടില്ല!

ബോധാബോധതലങ്ങൾക്കിടയിൽ മൃഗമായിത്തീരുന്ന മദ്യപന്റെ ചെയ്തികളിൽ മാപ്പർഹിക്കുന്നവയുടെയെണ്ണം വിരളമത്രെ! 'ബ്ലാക്കൗട്ടുകൾ' എന്നറിയപ്പെടുന്ന അന്നേരങ്ങളിലവന്റെ പ്രവർത്തികൾ തലച്ചോറിൽ രജിസ്റ്റർ ചെയ്യാതെ പോകുന്നതിനാൽ, പിറ്റേന്നു പുലരുമ്പോഴതൊന്നുമവനോർക്കില്ല. മദ്യപാനി പാപിയാകുന്നതങ്ങനെയത്രെ! എന്നിട്ടും... ഭ്രാന്തനോടുപോലുമിളവു കാട്ടുന്ന നിയമം, മദ്യപനോടു കാട്ടുനീതികാണിക്കും! മദ്യം വിൽക്കുന്നതിന്റെ ലാഭംകൊണ്ട് വിധവകൾക്ക് പെൻഷൻ നൽകുന്ന രാജ്യം, വിധവകളുടെ ശാപവും അവരുടെ തന്തയില്ലാത്ത പൈതങ്ങളുടെ തോന്ന്യാസങ്ങളും കൊണ്ടുനശിക്കും!

മദ്യപാനിയെന്ന ചെല്ലപ്പേരിലറിയാനാരുമാഗ്രഹിക്കില്ല. എന്നിട്ടും ചിലരതായിതീരുന്നതിന്റെ കാരണമെന്തെന്ന് ജനം തിരിച്ചറിയുന്ന കാലം വരുമ്പോഴേക്കും പെട്രോളിനു വേണ്ടി യുദ്ധം ചെയ്യുന്ന കാലം കഴിയുകയും, ജലത്തിനായ് യുദ്ധമാരംഭിക്കുകയും ചെയ്യും. കുലമൊടുക്കുന്ന മദ്യാസക്തരുടെ മറവികളിലും പേക്കൂത്തുകളിലും പെട്ട്, ഇരകളായി അനേകം തലമുറകൾ ജീവനൊടുക്കും! അന്ന് ദൈവത്തിന്റെ സ്വന്തം നാട്ടിലൂടെ പാലിനും തേനിനും പകരം മദ്യമൊഴുകും!

വരുംകാലത്തെക്കുറിച്ചിതെന്റെ പ്രവചനം! എന്റെ പ്രവചനം, മരണമൊഴിപോലെ വിശുദ്ധമെന്നറിയുക !